**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1239** **30-06-2026-ൽ മറുപടിയ്ക്ക്**

**സി.എച്ച്.എം.കെ.എം. ഗവ: ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** തീരദേശ മണ്ഡലമായ താനൂരിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സർക്കാർ മേഖലയിലെ ഏക കോളേജുമായ സി.എച്ച്.എം.കെ.എം. ഗവ: ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

**മറുപടി:** താനൂർ സി.എച്ച്.എം.കെ.എം. ഗവ. ആർട്സ് & സയൻസ് കോളേജിനായുള്ള കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെയും, ഫസ്റ്റ് ഫ്ലോറിന്റെയും ഫിനിഷിംഗ് പ്രവർത്തികൾ **90%** പൂർത്തീകരിച്ചിട്ടുണ്ട്. വിന്റോ അലുമിനിയം ഫ്രെയിം പ്രവൃത്തിയും, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തിയും, സംരക്ഷണ ഭിത്തിയുടെയും, ഡ്രൈനേജിന്റെയും പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രൊവിഷണലായി അംഗീകരിച്ചിട്ടുണ്ട്. നിലവിൽ സെക്കൻഡ് ഫ്ലോറിന്റെ ബ്ലോക്ക് **1**, ബ്ലോക്ക് **3** സ്ലാബ് ഷട്ടറിങ് പ്രവർത്തിയാണ് പുരോഗമിക്കുന്നത്. മെയിൻ റോഡിൽ നിന്നും കോളേജ് ബിൽഡിങ്ങിലേക്കുള്ള റോഡിന്റെയും ബിൽഡിങ്ങിനെ സുരക്ഷിതമാക്കി നിർത്തുന്നതിനുള്ള **retaining wall**-ന്റെയും രണ്ട് ബിൽഡിങ്ങുകൾക്കിടയിലുള്ള ട്രസ് വർക്കിന്റെയും പ്രവൃത്തികൾ ആരംഭിക്കുവാൻ ശേഷിക്കുന്നുണ്ട്.

**(ബി)** നിർമ്മാണം പുരോഗമിക്കുന്ന പ്രസ്തുത കെട്ടിടത്തിലേയ്ക്കുള്ള വഴിക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത തുക എത്രയും വേഗം ലഭ്യമാക്കി വഴിയുടെ നിർമ്മാണം എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** താനൂർ സി.എച്ച്.എം.കെ.എം. ഗവ. ആർട്സ് & സയൻസ് കോളേജിനായുള്ള കെട്ടിടത്തിലേയ്ക്കുള്ള വഴി കണ്ടെത്തുന്നതിന് 9.139 സെന്റ് സ്വകാര്യ ഭൂമിയേറ്റെടുക്കുന്നതിനുള്ള ₹63,97,300/-(അറുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി മുന്നൂറ്) രൂപയുടെ പ്രൊപ്പോസൽ നടപ്പ് സാമ്പത്തിക വർഷത്തെ വർക്കിങ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**